## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

15.07.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7658

### പുതുവൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പുതുവൈപ്പിനിലെ ഓഷ്യനേറിയം പദ്ധതിയ്ക്കായുള്ള എൺവയോൺ മെന്റൽ ക്ലിയറൻസ്, റെഗുലേഷൻ സോൺ ക്ലിയറൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസെന്റ് എന്നിവ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) വ്യക്തമാക്കാം. ഓഷ്യനേറിയം പദ്ധതിയ്ക്കായുള്ള എൺവയോൺമെന്റൽ ക്ലിയറൻസ്, റെഗുലേഷൻ സോൺ ക്ലിയറൻസ് എന്നിവ ലഭിക്കുന്നതിനാവശ്യമായ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് കേന്ദ്ര പരിസ്ഥിതി വനം വകുപ്പിന്റെ അംഗീകാരമുള്ള M/s വിഷൻ ലാബ്സ് എന്ന സ്ഥാപനത്തെ 22/2/2013 ലെ സ.ഉ.(സാധാ) 134/2013/മതുവ നം. ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തി. ടി സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് റെഗുലേഷൻ സോൺ ക്ലിയറൻസ് എൺവയോൺമെന്റൽ ക്ലിയറൻസ് എന്നിവയ്ക്കുള്ള അപേക്ഷ ബന്ധപ്പെട്ട ഏജൻസികൾക്ക് സമർപ്പിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസെന്റിനുള്ള അപേക്ഷ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇവ ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ഏജൻസികൾക്ക് അപേക്ഷകൾ സമർപ്പിച്ചത് ഏതൊക്കെ തീയതികളിലാണെന്ന് വ്യക്തമാക്കാമോ ? | (ബി) വ്യക്താമാക്കാം. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് OCM/2007 dated 24.01.2014 പ്രകാരവും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് FIRMA/OCM/2007 dated 11.04.2014 പ്രകാരവും സ്റ്റേറ്റ് എൺവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയ്ക്ക് FIRMA/OCM/2007 dated 11.04.2014 പ്രകാരവും അപേക്ഷ സമർപ്പിച്ചു. |

Jayasree

സെക്ഷൻ ഓഫീസർ